"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ വകുപ്പിൽ കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് ആയ ശ്രീമതി സജ്ന വി. -ക്ക് മലപ്പുറം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.4/2025/Co-Op തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-
1. G.O.(P)No.82 of Public (Rules) Department Dated:08/03/1965
2. സ.ഉ.(പി)നം.36/91/ഉ.ഭ.പ.വ. തീയതി 02/12/1991
3. സഹകരണ സംഘം രജിസ്ട്രാറുടെ 20/06/2024, 27/11/2024 , എന്നീ തീയതികളിലെ RCS/5638/2024-EA(3)നമ്പർ കത്തുകൾ
4. മലപ്പുറം ജില്ലാ കളക്ടറുടെ 22/11/2024 ലെ DCMPM/10139/2024-A7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സഹകരണ വകുപ്പിൽ കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സജ്ന വി. കാൻസർ രോഗത്തിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലായതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ അരീക്കോട് സ്വദേശിനിയായ ടിയാൾക്ക് മലപ്പുറം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ച് സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

**2.** കാസറഗോഡ് ജില്ലയിൽ 2021 ഓഗസ്റ്റ് 3 മുതൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി സജ്ന വി. 05/08/2022 പൂർവാഹ്നം പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ കാൻസർ രോഗ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ നടത്തി വരികയാണ്. കാസറഗോഡ് ജില്ലയിൽ ജോലി ചെയ്യുന്നതു കാരണം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതാണെന്നും കുടുംബാംഗങ്ങളോടൊപ്പം താമസിച്ച് അവരുടെ സഹായ സഹകരണങ്ങളോടെ തുടർചികിത്സ നടത്തുന്നതിന് തനിക്ക് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷങ്ങൾ ജോലി ചെയ്യണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥലം മാറ്റം നൽകണമെന്നാണ് ശ്രീമതി സജ്ന വി. അഭ്യർത്ഥിച്ചിട്ടുള്ളത്. ശ്രീമതി സജ്ന വി. - യുടെ അപേക്ഷ പരിഗണിച്ച് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷം സേവനമനുഷ്ഠിക്കണമെന്ന വ്യവസ്ഥയിൽ ഇളവുനൽകി മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം നൽകാവുന്നതാണെന്ന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറും സഹകരണ സംഘം രജിസ്ട്രാറും ശിപാർശ ചെയ്തിട്ടുണ്ട്.

**3.** ശ്രീമതി സജ്ന വി. കാൻസർ രോഗിയാണെന്നും ആയതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുന്ന വ്യക്തിയുമാണെന്നും ചികിത്സ സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെന്നും കാസറഗോഡ് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സജ്ന വി. ക്ക് മലപ്പുറം ജില്ലയിലേക്ക് അനുകമ്പാർഹമായ സ്ഥലം മാറ്റം ലഭിക്കുവാൻ അർഹതയുള്ളതായി അന്വേഷണത്തിൽ അറിവായിട്ടുണ്ടെന്നും അതിനാൽ ശ്രീമതി സജ്ന വി. യുടെ മാതൃജില്ലയായ മലപ്പുറം ജില്ലയിലേക്ക് അനുകമ്പാർഹമായ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണെന്നും മലപ്പുറം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി സജ്ന വി. കാൻസർ രോഗത്തിന് ചികിത്സയിലായതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്ന

മലപ്പുറം ജില്ലാകളക്ടറുടെ റിപ്പോർട്ടും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കേണ്ട കേസുകൾ ഒരു വർഷം ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അധികരിച്ചിട്ടില്ലെന്ന സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടും പരിഗണിച്ച്, ഇതൊരു പ്രത്യേക കേസായി കണക്കാക്കി, പരാമർശം (2) ഉത്തരവ് പ്രകാരം പരാമർശം (1) കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17 (ഡി) യ്ക്കു താഴെയുള്ള കുറിപ്പ് (3) ൽ നിന്നും ഇളവനുവദിച്ചുകൊണ്ട് ശ്രീമതി സജ്ന വി.- ക്ക് മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി സജ്ന വി., ഓഫീസ് അറ്റൻഡന്റ്, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കാസറഗോഡ്

(രജിസ്ടേർഡ് തപാൽ, കൈപ്പറ്റ് രസീത് സഹിതം)

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, മലപ്പുറം

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡ് (സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം

(സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ {(ഓഡിറ്റ്),(എ&ഇ)} കേരള, തിരുവനന്തപുരം

പൊതുഭരണ (എസ് സി) വകുപ്പ്

(12/02/2025-ലെ ഇനം നം. 2715 മന്ത്രി സഭാ യോഗ തീരുമാന പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/185/2024സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
Date: 18-02-2025 12:57:56

സ്പെഷ്യൽ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-02-2025

ഫയൽ നം. എ2/185/2024/സഹ. ഇനം നം: 2715

വിഷയം : സഹകരണ വകുപ്പ് - കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് ആയ ശ്രീമതി. സജ്ന.വി-ക്ക് മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.

2715

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | | |
|---|---|---|---|---|
| 1 | | ഫയൽ നമ്പർ | : | എ 2/185/2024/സഹ |
| 2 | | വകുപ്പ് | : | സഹകരണ (എ) വകുപ്പ് |
| 3 | | വിഷയം | : | സഹകരണ വകുപ്പ് -കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് ആയ ശ്രീമതി സജ്ന വി. -ക്ക് മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത്- അപേക്ഷ-സംബന്ധിച്ച് |
| 4 | | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/01/'25 |
| 5 | (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 7 | | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.അജി ഫിലിപ് |
| 8 | | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വീണ എൻ. മാധവൻ |
| 9 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/01/'25 |
| 10 | | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02/02/'25 |
| 12 | | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.എൻ. വാസവൻ |
| 13 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/02/'25 |
| 14 | | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10/02/'25 |
| 15 | | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | 12/2/2025 |
| 16 | | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്</u>

സഹകരണ വകുപ്പിൽ  കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് ആയ ശ്രീമതി സജ്‌ന വി. -ക്ക് മലപ്പുറം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്ന കാര്യമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത് .

2. കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ കീഴിൽ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സജ്‌ന വി. കാൻസർ രോഗത്തിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലായതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ അരീക്കോട് സ്വദേശിനിയായ ടിയാൾക്ക് മലപ്പുറം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

3. കാസറഗോഡ് ജില്ലയിൽ 2021 ഓഗസ്റ്റ് 3 മുതൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി സജ്‌ന വി. 5/8/2022 പൂർവാഹ്നം പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കാൻസർ രോഗ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ നടത്തി വരികയാണ്. കാസറഗോഡ് ജില്ലയിൽ ജോലി ചെയ്യുന്നതു കാരണം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതാണെന്നും കുടുംബാംഗങ്ങളോടൊപ്പം താമസിച്ച് അവരുടെ സഹായ സഹകരണങ്ങളോടെ തുടർ ചികിത്സ നടത്തുന്നതിന് തനിക്ക് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷങ്ങൾ ജോലി ചെയ്യണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥലം മാറ്റം നൽകണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. ശ്രീമതി സജ്‌ന വി. - യുടെ അപേക്ഷ പരിഗണിച്ച് നിയമനം ലഭിച്ച ജില്ലയിൽ 5 വർഷങ്ങൾ സേവനമനുഷ്ഠിക്കണമെന്ന വ്യവസ്ഥയിൽ ഇളവുനൽകി മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം

നൽകാവുന്നതാണെന്ന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറും സഹകരണ സംഘം രജിസ്ട്രാറും ശിപാർശ ചെയ്തിട്ടുണ്ട്.

4) ശ്രീമതി സജ്ന വി. കാൻസർ രോഗിയാണെന്നും ആയതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുന്ന വ്യക്തിയുമാണെന്നും ചികിത്സ സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെന്നും കാസറഗോഡ് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സജ്ന വി. ക്ക് മലപ്പുറം ജില്ലയിലേക്ക് അനുകമ്പാർഹമായ സ്ഥലം മാറ്റം ലഭിക്കുവാൻ അർഹതയുള്ളതായി അന്വേഷണത്തിൽ അറിവായിട്ടുണ്ടെന്നും അതിനാൽ ശ്രീമതി. സജ്ന വി. യുടെ മാതൃജില്ലയായ മലപ്പുറം ജില്ലയിലേക്ക് അനുകമ്പാർഹമായ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ് :-.

" ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യിലെ വ്യവസ്ഥ കൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ 02/12/1991-ലെ സ.ഉ.(പി) നം.36/91/ഉ.ഭ.പ.വ-യിലെ വ്യവസ്ഥകളും ബാധകമാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അഞ്ചു വർഷ നിബന്ധനയിൽ നിന്ന് ഇളവുള്ളത് ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരായവർക്കും ജവാന്റെ ആശ്രിതർക്കുമാണ്. ടി ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരം അങ്ങേയറ്റം സഹതാപാർഹമായ സാഹചര്യങ്ങളിൽ ട്രാൻസ്ഫറിന് ആവശ്യപ്പെട്ട ജില്ലയിലെ ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ അനുമതിയോടെ അഞ്ചുവർഷ നിബന്ധനയിൽ ഇളവ് നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എങ്കിലും ടി ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം അഞ്ചുവർഷ സേവന വ്യവസ്ഥയിൽ ഇളവ്

അനുവദിക്കേണ്ട കേസുകളും, സൈനികരുടെ ആശ്രിതരുടെ കേസുകളും ഉൾപ്പെടെ ഒരു വർഷം ജില്ലയിലുണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റം വഴി നികത്തുവാൻ കഴിയുകയുള്ളൂ.

മേൽ സാഹചര്യത്തിൽ ശ്രീമതി.സജ്ന.വി യുടെ മോശപ്പെട്ട ആരോഗ്യനിലയും, ജില്ലാ കളക്ടറുടെ റിപ്പോർട്ടും കണക്കിലെടുത്ത് തികച്ചും അനുകമ്പാർഹമായ ഒന്നാണ് ടിയാളുടേത് എന്ന് ഭരണവകുപ്പിന് ഉത്തമബോദ്ധ്യമുള്ളപക്ഷം 02/12/1991 -ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ ഖണ്ഡിക 6-ലെ വ്യവസ്ഥയ്ക്ക് വിധേയമായി ഖണ്ഡിക 5 പ്രകാരം ഭരണവകുപ്പിന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്."

6. 02.12.1991 ലെ സ.ഉ. (പി) നം.36/91/ഉ.ഭ.പ.വ-യിലെ ഖണ്ഡിക 6 ൽ നിർദ്ദേശിച്ചിട്ടുള്ള ഒഴിവുകളുടെ 10 % ഇക്കാര്യത്തിൽ അധികരിച്ചിട്ടില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. ഫയൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം രേഖപ്പെടുത്തി:-

"കാസറഗോഡ് ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി സജ്ന വി കാൻസർ രോഗത്തിന് ചികിത്സയിലായതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്ന മലപ്പുറം ജില്ലാകളക്ടറുടെ റിപ്പോർട്ടും, അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കേണ്ട കേസുകൾ ഒരു വർഷം ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അധികരിച്ചിട്ടില്ലെന്ന സഹകരണ സംഘം രജിസ്ട്രാരുടെ റിപ്പോർട്ടും പരിഗണിച്ച്, ഇതൊരു പ്രത്യേക കേസായി കണക്കാക്കി, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യ്ക്ക് താഴെയുള്ള കുറിപ്പ് (3) ൽ നിന്നും ഇളവനുവദിച്ചുകൊണ്ട് മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം 02.12.1991 -ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക (5) ലെ വ്യവസ്ഥപ്രകാരം മന്ത്രിസഭായോഗത്തിന്റെ

പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്"

8. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കാസറഗോഡ് ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി സജ്ന വി കാൻസർ രോഗത്തിന് ചികിത്സയിലായതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17 (ഡി) യ്ക്ക് താഴെയുള്ള കുറിപ്പ് (3) ൽ നിന്നും ഇളവനുവദിച്ചുകൊണ്ട് 02.12.1991 -ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക (5) ലെ വ്യവസ്ഥ പ്രകാരം അനുമതി നൽകാമോ ;